I/68769/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2026/2022-ICDSB7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

**താൽപ്പര്യപത്രം ക്ഷണിക്കുന്നു (പുനർവിജ്ഞാപനം)**

16.09.2022 തീയതിയിൽ മേൽ നമ്പർ വിജ്ഞാപന പ്രകാരം ഇതേ വിഷയത്തിൽ താൽപ്പര്യപത്രം ക്ഷണിച്ചിരുന്നുവെങ്കിലും മതിയായ അപേക്ഷകൾ ലഭ്യമാകാത്തതിനാൽ പുനർവിജ്ഞാപനം പുറപ്പെടുവിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 571 ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം 01/01/2017 തീയതി പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും പ്രവർത്തന ക്ഷമമായ ക്രഷുകൾക്ക് സ്കീം മാനദണ്ഡപ്രകാരം 60:30:10 (Central Share: State Share: NGO Share) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ച് വരികയും ചെയ്യുന്നു. 01/01/2017 മുതൽ 31/03/2022 വരെ ക്രഷുകൾക്ക് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച് ഓഡിറ്റ് ചെയ്യുന്നതിന് അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.

കേരള സംസ്ഥാന ശിശുക്ഷേമ സമിതി, NGOs എന്നിവയ്ക്ക് കീഴിൽ 14 ജില്ലകളിൽ സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ക്രഷുകൾക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേരള സംസ്ഥാന ശിശുക്ഷേമ സമിതിക്ക് കീഴിലുള്ള ക്രഷുകൾക്കുള്ള ഗ്രാന്റ് തുക സമിതി ജനറൽ സെക്രട്ടറിക്ക് കൈമാറുകയും സമിതിയിൽ നിന്നും ക്രഷുകൾക്ക് നൽകുകയും ചെയ്യുന്നു. NGOs ന്റെ കീഴിലുള്ള ക്രഷുകൾക്കുള്ള ഗ്രാന്റ് തുക ജില്ല വനിത ശിശു വികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർ മുഖേന ക്രഷുകൾക്ക് കൈമാറുകയും ചെയ്യുന്നു. പ്രസ്തുത ക്രഷ് സെന്ററുകളിലൂടെ 6 മാസം മുതൽ 6 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് ശൈശവപൂർവ്വകാല പരിചരണവും വിദ്യാഭ്യാസവും ഉറപ്പാക്കുന്നു. ഇതിന്റെ ഭാഗമായി പകൽ പരിപാലനം, ഉറങ്ങുന്നതിനുള്ള സൗകര്യം, കുഞ്ഞുങ്ങളിലെ ഏർളി സ്റ്റിമുലേഷൻ, പ്രീ സ്കൂൾ വിദ്യാഭ്യാസം, അനുപൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, തുടങ്ങിയ സേവനങ്ങൾ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ചുവടെ പരാമർശിക്കുന്ന കംപോണന്റുകൾക്കാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്.

1. വർക്കർ, ഹെൽപ്പർമാർക്കുള്ള ഓണറേറിയം
2. ഡോക്ടർക്കുള്ള ഓണറേറിയം
3. അനുപൂരക പോഷകാഹാരം (SNP)
4. മെഡിസിൻ കിറ്റ്
5. പ്രീ സ്കൂൾ കിറ്റ്

01/01/2017 മുതൽ 31/03/2022 വരെയുള്ള അക്കൗണ്ട് ഓഡിറ്റ് ചെയ്ത Statement of Expenditure തയ്യാറാക്കി നൽകുന്നതിനായി ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ്

I/68769/2022

ഏജൻസികളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു .

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള കമ്പനികളായിരിക്കണം .
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം വനിത ശിശു വികസന ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും . നിശ്ചിത യോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപ്പര്യ പത്രം വനിത ശിശു വികസന ഡയറക്ടർ ,പൂജപ്പുര ,തിരുവനന്തപുരം - 695012 എന്ന മേൽ വിലാസത്തിൽ 15/12/2022 തീയതി 3 pm ന് മുൻപ് ലഭ്യമാകത്തക്കവിധം സമർപ്പിക്കേണ്ടതാണ്. സമയ പരിധി കഴിഞ്ഞു ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 27-11-2022 22:32:03